**പതിമൂന്നാം കേരളനിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1936 — 06.07.2015 ന് മറുപടിയ്ക്ക്.

**ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ് പ്രോജക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ)യു.എൻ.ഡി.പി സഹകരണത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) 27.03.2015 തീയതിയിൽ ബഹു. വനം വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ജനപ്രതിനിധികൾ പ്രോജക്ട് സംബന്ധിച്ച് ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പഠിച്ച് നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം ആകുന്നതു വരേയ്ക്കും താല്ക്കാലികമായി നിർത്തി വെയ്ക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) സ്റ്റേറ്റ് ലെവൽ പ്രോജക്ട് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി നടത്തിയ പ്രവർത്തനങ്ങളുടെ ചെലവിനത്തിൽ 33,68,730/- രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട് എന്തു തുക ചെലവായി എന്നും എന്തെല്ലാം പ്രവർത്തനമാണ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ? | (സി) പ്രോജക്ട് നടത്തിപ്പിനായി സ്റ്റിയറിംഗ് കമ്മിറ്റി തീരുമാന പ്രകാരം നാളിതുവരെ നടത്തിയ പ്രാഥമിക പ്രവർത്തനങ്ങൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | ഓഫീസ് ചെലവുകൾ/യോഗങ്ങൾ | Rs.1,07,816/- |
| 2 | ലഘുലേഖകൾ തയ്യാറാക്കൽ | Rs.62,000/- |
| 3 | LLMPU ആഫീസ് നവീകരണവും, ഫർണിഷിംഗും | Rs.49,96,485/- |
| | ആകെ | Rs.51,66,301/- |

ആകെ ചെലവായ 51,66,31/- രൂപയിൽ 33,68,730/- രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമായിട്ടുള്ളതും 17,97,571/- രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമാക്കുവാൻ ഉള്ളതുമാണ്.

സെക്ഷൻ ഓഫീസർ